DESPATCHED On...9/12/21.....

15/11/2021

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം

പുന്നൻ റോഡ്, തിരുവനന്തപുരം 695 001
Tel: 0471- 2561631, 2561615, Fax: 0471-2330920
Email:- sic.ker@nic.in

**ഹർജി നമ്പർ CP.No.33(5)/20/SIC**

തീർപ്പ്കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

**File No. 293/SIC-G7/2020**

സന്നിഹിത
ശ്രീമതി ശ്രീലതപി.ആർ.,സംസ്ഥാനവിവരാവകാശ കമ്മീഷണർ

| | |
|---|---|
| ശ്രീ. പോൾസൺ. ടി. എം,<br>താനിക്കൽ വീട്,<br>മരത്താംകോട് പി.ഒ,<br>തൃശ്ശൂർ ജില്ല – 680 604 | പരാതിഹർജിക്കാരൻ |
| സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,<br>കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്<br>ഡയറക്ടറുടെ കാര്യാലയം,<br>വികാസ് ഭവൻ, തിരുവനന്തപുരം – 695 033. | എതിർകക്ഷി |

## ഉത്തരവ്

1. പരാതിക്കാരനായ ശ്രീ. പോൾസൺ. ടി.എം 03.10.2019 തീയതി സമർപ്പിച്ച അപേക്ഷയിലൂടെ ആവശ്യപ്പെട്ടത്, സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ ഉത്തരവ് സംസ്ഥാന കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടർ നടപ്പിലാക്കിയിട്ടില്ല എന്നും ആയത് അടിയന്തി രമായി നടപ്പിലാക്കണമെന്നാണ്.
2. ടി അപേക്ഷയ്ക്ക് 11.11.2019 തീയതി എസ്.പി.ഐ.ഒ നൽകിയ മറുപടി തൃപ്തികരമല്ലാത്ത തിനെ തുടർന്ന് 04.01.2020 തീയതി കമ്മീഷൻ മുമ്പാകെ പരാതി സമർപ്പിച്ചു. പരാതി ഫയ ലിൽ സ്വീകരിച്ച കമ്മീഷൻ 11.10.2021 തീയതി ടെലഫോൺ മുഖാന്തിരം ഇരുകക്ഷികളേയും നേരിൽ കേൾക്കുകയുണ്ടായി.
3. "താങ്കളുടെ നാട്ടറിവുകളും കണ്ടെത്തലുകളും അനുഭവങ്ങളും മറ്റു കർഷകരുമായും ഉദ്യോ ഗസ്ഥരുമായും പങ്കുവ്യ്ക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുന്നതിന് തൃശ്ശൂർ ആത്മ പ്രോജക്ട് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്" എന്ന കാർഷികോല്പാദന കമ്മീഷ ണർ & പ്രിൻസിപ്പൽ സെക്രട്ടറിയുടെ 20.03.2019 ലെ അറിയിപ്പും 17.07.2019 ലെ മനുഷ്യാവ കാശ കമ്മീഷൻ ഉത്തരവും ബഹു. സംസ്ഥാന കൃഷി വകുപ്പ് ഡയറക്ടർ രണ്ട് വർഷം കഴിഞ്ഞും പ്രാവർത്തികമാക്കി തന്നില്ല എന്നും ഇതുമൂലം ടിയാനുണ്ടായ സാമ്പത്തിക മാന സിക കഷ്ടനഷ്ടങ്ങൾക്ക് 5 ലക്ഷം രൂപ എങ്കിലും നഷ്ടപരിഹാരം ലഭിക്കുന്നതിനു വേണ്ടതു ചെയ്ത് നൽകണമെന്നാണ് പരാതിഹർജിക്കാരൻ കമ്മീഷനോട് ആവശ്യപ്പെട്ടത്.

4. ശ്രീ. പോൾസൺ ടി.എം.ന്റെ കണ്ടെത്തലുകളും അനുഭവങ്ങളും കർഷകർക്ക് പ്രയോജനപ്പെടുത്തുന്ന രീതിയിൽ ജൈവകൃഷിയുമായി ബന്ധപ്പെട്ട് നടത്തുന്ന പരിശീലന പരിപാടികളിൽ അനുഭവങ്ങൾ പങ്കുവയ്ക്കാൻ അവസരം നൽകുവാൻ തൃശ്ശൂർ ജില്ലയിലെ ബ്ലോക്ക് കൃഷി അസിസ്റ്റന്റ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയുണ്ടെന്നും പരാതിക്കാരനെ നേരിട്ട് കണ്ട് സംസാരിക്കുകയും ആത്മ പ്രോജക്ട് ഡയറക്ടർ ഓഫീസിലെ നിർദ്ദേശ പ്രകാരം ചൊവ്വന്നൂർ ബ്ലോക്കിൽ 02.11.2019 ന് സംഘടിപ്പിച്ച കൃഷിത്തോട്ടം പദ്ധതിയുടെ പരിശീലന പരിപാടിയിൽ ടിയാന് അഭിപ്രായങ്ങൾ പറയാൻ അവസരം നൽകുകയും ചെയ്തിട്ടുണ്ടെന്നും കാർഷിക പരിശീലനമുറകളെ കുറിച്ച് നാട്ടറിവുകളും അനുഭവങ്ങളുമാണ് ടിയാൻ പങ്ക് വയ്ക്കുന്നതെന്നും ആയത് ശാസ്ത്രീയമായി തെളിയിക്കപ്പെട്ടവയല്ല എന്നും അതിനാൽ ടിയാനെ മാസ്റ്റർ ട്രെയിനറായി നിയമിക്കുന്നതിനോ സാമ്പത്തിക സഹായം നൽകുന്നതിനോ നിലവിലുള്ള സർക്കാർ ഉത്തരവുകൾ അനുവദിക്കുന്നില്ല എന്നും പരാതിഹർജിക്കാരൻ സമർപ്പിച്ച മരോട്ടി എണ്ണയുടെ കീടനിയന്ത്രണ സവിശേഷതകൾ സംബന്ധിച്ച പ്രോജക്ടിന് ശാസ്ത്രീയമായ പരീക്ഷണങ്ങൾ നടത്തി മാത്രമേ സാധൂകരണം നൽകാനാകൂ എന്ന് കേരള കാർഷിക സർവ്വകലാശാല ഗവേഷണ വിഭാഗം മേധാവി അറിയിച്ചിട്ടുണ്ടെന്നും മനുഷ്യാവകാശ കമ്മീഷൻ നൽകിയ ഉത്തരവ് നടപ്പിലാക്കുന്നതിനായി പ്രയോഗികമായ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ടെന്നും എതിർകക്ഷി നൽകിയ മൊഴിയിലും റിപ്പോർട്ടിലും അറിയിക്കുന്നത്.

5. പരാതിഹർജിയും മറ്റ് അനുബന്ധരേഖകളും പരിശോധിക്കുമ്പോൾ, പരാതിഹർജിക്കാരൻ വിവരാവകാശ അപേക്ഷയിലൂടെ ആവശ്യപ്പെട്ട വിവരങ്ങൾക്ക് മേലുള്ള വിശദമായ മൊഴിയും റിപ്പോർട്ടുമാണ് എതിർകക്ഷി നൽകിയിട്ടുള്ളത് എന്ന് വ്യക്തം. പരാതിക്കാരന്റെ മൊഴിയിൽ നിന്നും പൊതു സമൂഹത്തിന് ഗുണമുണ്ടാകുന്നതിനുവേണ്ടിയുള്ള പ്രവർത്തനവുമായി ബന്ധപ്പെട്ടാണ് ടിയാൻ വിവരങ്ങൾ ആവശ്യപ്പെട്ടത്. ഒരു പൊതു സമൂഹത്തിന്റെ നന്മക്കുവേണ്ടിയുള്ള ഇത്തരം നടപടികളെ പ്രോത്സാഹിപ്പിക്കേണ്ടവയാണെന്ന് കമ്മീഷൻ വിലയിരുത്തുന്നു. മനുഷ്യാവകാശ കമ്മീഷൻ നൽകിയ ഉത്തരവ് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് പ്രയോഗികമായ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട് എന്ന് എസ്.പി.ഐ.ഒ അറിയിക്കുന്നുണ്ട്. എസ്.പി.ഐ.ഒയുടെ മൊഴി അംഗീകരിക്കുന്നതോടൊപ്പം പരാതിക്കാരന്റെ പ്രശ്നപരിഹാരവുമായി ബന്ധപ്പെട്ട് ഗവൺമെന്റ് തലത്തിൽ അപേക്ഷ നൽകി പരിഹാരം കാണാൻ ശ്രമിക്കണമെന്ന് പരാതിക്കാരന് നിർദ്ദേശം നൽകുന്നു. ഇപ്രകാരം ഈ പരാതിഹർജി ഇന്നേ ദിവസം 2021 നവംബർ മാസം 15 –ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ശ്രീലത. പി. ആർ.
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ഫിനാൻസ് എക്സ്പേർട്ട്

STATE INFORMATION COMMISSION